പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2767

06-02-2018 ലെ മറുപടി

## സംസ്ഥാനത്ത് ഈ വർഷം ലഭിച്ച മഴ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.രാജു എബ്രഹാം** | | **മാത്യു.ടി.തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) | സംസ്ഥാനത്ത് ഈ വർഷം ഇതേ വരെ എത്ര മഴയാണ് ലഭിച്ചിട്ടുള്ളത്; മുൻവർഷം ഇതേ തീയതിവരെ ലഭിച്ച മഴയുമായി താരതമ്യം ചെയ്താൽ കൂടുതൽ മഴ ലഭിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് 2018 വർഷം ജനുവരി 29-ാം തീയതി വരെ 1.0 mm മഴ ലഭിച്ചിട്ടുണ്ട്. എന്നാൽ 2017 ജനുവരി മാസം 29 -ാംതീയതി വരെ 11.6 mm മഴ ലഭിച്ചിരുന്നു. 2017 ജനുവരിയിൽ ലഭിച്ച മഴയേക്കാൾ 91.37 ശതമാനം കുറവാണ്. |
| (ബി) | സംസ്ഥാനത്തെ മിക്ക നദികളിലും നദീജലത്തിന്റെ അളവിൽ കുറവ് സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശാസ്ത്രീയമായി ഇത് വിലയിരുത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തുക ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഉണ്ട്.<br>സംസ്ഥാനത്തുള്ള നദികളിൽ സ്ഥാപിച്ചിട്ടുള്ള റിവർ ഗേജിംഗ് സ്റ്റേഷനുകളിൽ നിന്നും ലഭിക്കുന്ന ഡാറ്റകൾ വച്ച് ഓരോ നദികളിലും ലഭിക്കുന്ന നീരൊഴുക്കിന്റെ അളവുകളും അളവിൽ വരുന്ന മാറ്റങ്ങളും ഓരോ വർഷവും വിശകലനം ചെയ്യുന്നുണ്ട്. ഭാരതപ്പുഴയിലെ ജലലഭ്യതയെ സംബന്ധിച്ച് ശാസ്ത്രീയ പഠനം ഹൈഡ്രോളജി പ്രോജക്ട് 2-ന്റെ ഭാഗമായി നടത്തിയിട്ടുണ്ട്. കേന്ദ്രസഹായത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സെൻട്രൽ സെക്ടർ സ്കീമായ നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ "വാട്ടർ റിസോഴ്സസ് ഓപ്പറേഷൻ & പ്ലാനിംഗ് സിസ്റ്റം" എന്ന ഘടകത്തിൽ നദീതട അടിസ്ഥാനത്തിലുള്ള മോഡലിംഗ് സ്റ്റഡീസ് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ പ്രാരംഭ ഘട്ടമായി പഠനം നടത്തുവാൻ തൃശ്ശൂർ ഹൈഡ്രോളജി ഡിവിഷനു കീഴിൽ 3 നദികളും (കരുവണ്ണൂർ, ചാലിയാർ, |

| | | | |
|---|---|---|---|
| | | | ചന്ദ്രഗിരി), ചെങ്ങന്നൂർ ഹൈഡ്രോളജി ഡിവിഷനു കീഴിൽ 3 നദികളും (വാമനപുരം, പമ്പ, മീനച്ചിൽ) തെരഞ്ഞെടുത്തിട്ടുണ്ട്. |
| (സി) | നദികളിലെ ജലത്തിന്റെ അളവ് അപകടകരമാം വിധം കുറയുന്നതുമൂലം ഈ നദികളെ ആശ്രയിച്ച് പ്രവർത്തിക്കുന്ന ജലവിതരണ പദ്ധതികൾ പലപ്പോഴും പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കാൻ കഴിയാത്തത് ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; ഇതിന് ശാശ്വത പരിഹാരം കാണുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>നദികളിലെ ജലലഭ്യതയിലും നീരൊഴുക്കിലും മുൻ വർഷമുണ്ടായ കുറവ് കാരണം കുടിവെള്ള പമ്പിംഗ് സ്റ്റേഷനുകൾ പ്രവർത്തിക്കാതായത് ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ട്. നദീജലത്തിൽ ഓരുവെള്ളം കയറിയതു (ഉപ്പുവെള്ളക്കയറ്റം) കാരണവും പമ്പിംഗ് നിർത്തിവയ്ക്കേണ്ടി വന്നിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഹരിത കേരളം മിഷന്റെ ഉപമിഷനായ ജലസംരക്ഷണം അഥവാ ജലസമൃദ്ധിയുടെ ഭാഗമായി നീർത്തട പ്ലാനുകൾ തയ്യാറാക്കി, മണ്ണ്-ജലസംരക്ഷണ പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നിർവ്വഹിച്ച് ജലലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആദ്യപടിയായി നീർത്തട പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്.<br><br>കൂടാതെ, ജലവിതരണ പദ്ധതികളിൽ ജലം ലഭിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി 34 റെഗുലേറ്ററുകൾ പണി കഴിക്കാൻ ഉദ്ദേശിക്കുന്നു. ഇതിൽ 9 റെഗുലേറ്ററുകളുടെ ഡിസൈൻ പൂർത്തിയാക്കി ഡ്രോയിംഗുകൾ നൽകിയിട്ടുണ്ട്. 12 റെഗുലേറ്ററുകളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി. 13 റെഗുലേറ്ററുകളുടെ ഇൻവെസ്റ്റിഗേഷൻ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. നദികളെ ചെറിയ ജലസംഭരണികളാക്കുന്നതിനായി മറ്റു സംസ്ഥാനങ്ങളിൽ വിജയകരമായി നടപ്പാക്കിയ പദ്ധതികൾ പഠിക്കുന്നതിനും ആയത് നമ്മുടെ സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിനുമായി ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി ഗോവയിലെ "ബന്ധാര" സ്കീം സന്ദർശിക്കുകയുമുണ്ടായി. ആയത് പ്രാവർത്തികമാക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | ജലസംഭരണികൾ സ്രോതസ്സുകൾ ആയുള്ള കേരള ജല അതോറിറ്റി പദ്ധതികളിൽ കാര്യമായ ജലലഭ്യതക്കുറവ് അനുഭവപ്പെടുന്നില്ല എന്നത് കണക്കിലെടുത്ത് നദികൾ തന്നെ ജലസംഭരണികൾ ആക്കുക എന്ന ആശയത്തിന് പ്രചാരം ലഭിച്ചിട്ടുണ്ട്. നദിയിലെ നീരൊഴുക്ക് ശാസ്ത്രീയമായി പഠിച്ച് തണ്ണീർത്തട സംരക്ഷണം വഴി നദികളിലെ ഗതിവ്യതിയാനങ്ങൾക്കും ഉയർച്ച താഴ്ചകൾക്കനുസൃതമായി സ്ഥിരം തടയണകളും ആർ.സി.ബി.കളും നിർമ്മിക്കുക എന്നതാണ് ശാശ്വത പരിഹാരം. |

**സെക്ഷൻ ഓഫീസർ**